# സിനഡാത്മക നവീകരണം

## നെയ്യാറ്റിൻകര രൂപത

# ഇടവക സിനഡ്

**2022 മെയ് 08**

- കുടുംബം, ബി. സി. സി. എന്നീ തലങ്ങളിൽ സംഘടിപ്പിച്ച സിനഡിന്റെ തുടർച്ചയാണ് ഇടവക സിനഡ്.
- ഇടവകയിലെ സമസ്ത മേഖലയിലുള്ളവരെയെല്ലാം പങ്കാളികളാക്കണം.
- ഇടവകാതിർത്തിയിൽ ഉൾപ്പെടുന്ന ഇതര ക്രൈസ്തവരെയും ഇതര മതസ്ഥരെയും ശ്രവിച്ച് അവരെയും പങ്കാളികളാക്കണം.

**പങ്കെടുക്കേണ്ടവർ :**

ഇടവക വികാരി, സഹവികാരി, സന്യസ്ത പ്രതിനിധികൾ, ഇടവക അജപാലന സമിതി അംഗങ്ങൾ, ഇടവക ധനകാര്യസമിതി അംഗങ്ങൾ, അജപാലന ശുശ്രൂഷാ പ്രതിനിധികൾ, അൽമായ ശുശ്രൂഷാ പ്രതിനിധികൾ, സാമൂഹ്യ ശുശ്രൂഷാ പ്രതിനിധികൾ, കുടുംബ പ്രേഷിതത്വ ശുശ്രൂഷാ പ്രതിനിധികൾ, യുവജന ശുശ്രൂഷാ പ്രതിനിധികൾ, വിദ്യാഭ്യാസ ശുശ്രൂഷാ പ്രതിനിധികൾ, ബി.സി.സി. കമ്മിഷൻ, വചന ബോധന അധ്യാപകർ, വചനബോധന വിദ്യാർത്ഥികളുടെ പ്രതിനിധികൾ, ഭക്ത സംഘടനാ പ്രതിനിധികൾ, ലിറ്റിൽവേ ആനിമേറ്റർമാർ, ലിറ്റിൽവേ പ്രതിനിധികൾ, ഇടവക സ്ഥാപനങ്ങളിലെ പ്രതിനിധികൾ, സ്കൂളുകളിലെ പ്രതിനിധികൾ, ഇടവക ജനപ്രതിനിധികൾ, കെ.എൽ.സി.എ., കെ.എൽ.സി.ഡബ്ള്യൂ.എ., ഡി.സി.എം.എസ്. പ്രതിനിധികൾ, ഇടവക സിനഡൽ ടീം പ്രത്യേകം ക്ഷണിക്കുന്ന വ്യക്തികൾ.

**ഇടവക സിനഡിന് മുന്നൊരുക്കം :**

- ഇടവക സിനഡ് ആഘോഷമാക്കി മാറ്റുക.
- **മെയ് 8 നോ അതിനു മുമ്പോ** ഇടവക സിനഡ് നടക്കേണ്ടതാണ്.
- ഇടവക സിനഡിനുമുമ്പായി ബന്ധങ്ങൾ ആഴപ്പെടാൻ സഹായകമായ മാർഗങ്ങൾ മറ്റ് സഭാ സമൂഹമായും ഇതര മതസ്ഥരുമായും ചർച്ച ചെയ്യുകയും ഒരുമിച്ച് സഹകരിച്ച് പ്രവർത്തിക്കാവുന്ന മേഖലകൾ കണ്ടെത്തുകയും ചെയ്യുന്നു.
- ബൈബിൾ പ്രതിഷ്ഠയ്ക്കുള്ള പീഠം അലങ്കരിക്കണം.
- ബി. സി. സി. സിനഡുകളിൽ ക്രോഡീകരിച്ച പ്രമേയങ്ങളുടെ പകർപ്പും പേപ്പറും പേനയും പങ്കെടുക്കുന്ന എല്ലാ അംഗങ്ങൾക്കുമായി കരുതുന്നത് ഉചിതമായിരിക്കും.

**ഇടവക സിനഡൽ ഡ്രാഫ്റ്റിംഗ് കമ്മിറ്റി**

ഇടവക സിനഡൽ ടീം ആയിരിക്കും ഡ്രാഫ്റ്റിംഗ് കമ്മിറ്റി ആയി പ്രവർത്തിക്കുന്നത്. ബി.സി.സി. യൂണിറ്റുകളിൽ നിന്നും ഇടവക സിനഡൽ ടീമിന് കൈമാറിയ പ്രമേയങ്ങൾ ക്രോഡീകരിച്ച് വിവിധ പ്രമേയങ്ങളാക്കി ഇടവക സിനഡിൽ അവതരിപ്പിക്കേണ്ടതാണ്.

## ഇടവക സിനഡ് യോഗക്രമം

**പിതാവിന്റെയും** പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമേൻ.

**പ്രാരംഭഗാനം** : പരിശുദ്ധാത്മാവിനോടുള്ള ഗാനം

**പ്രാരംഭ പ്രാർത്ഥന :**

**സ്വാഗതം :** (ഇടവകവികാരി/സഹവികാരി / കോൺടാക്ട് പേഴ്സൺ)

**ആമുഖം:** (ഇടവകവികാരി/സഹവികാരി/കോൺടാക്ട് പേഴ്സൺ)

**ബൈബിൾ പ്രതിഷ്ഠ :**
മുൻകൂട്ടി ക്രമീകരിച്ചിരിക്കുന്ന ഒരു പീഠത്തിൽ ഇടവക വികാരി ബൈബിൾ പ്രതിഷ്ഠിക്കുന്നു. ബൈബിൾ പ്രദക്ഷിണമായി കൊണ്ടുവരാവുന്നതാണ്.

**ബൈബിൾ വന്ദനം:**
എല്ലാവരും സ്വസ്ഥാനങ്ങളിൽ നിന്നുകൊണ്ട് ബൈബിളിനെ വണങ്ങുന്നു.

**സിനഡൽ പ്രാർത്ഥന:**
ചൊല്ലിക്കൊടുക്കുന്ന പ്രാർത്ഥന എല്ലാവരും ഏറ്റുചൊല്ലുന്നു.

**ഉദ്ഘാടനം:**

* ഇടവക വികാരിയോ ഇടവകയിലെ ഏറ്റവും മുതിർന്ന അംഗമോ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുന്നു.
* ബൈബിൾ പ്രതിഷ്ഠയ്ക്ക് സമീപം അലങ്കരിച്ച് ക്രമീകരിച്ചിരിക്കുന്ന തിരി കത്തിച്ചുകൊണ്ട് സിനഡ് ഉദ്ഘാടനം ചെയ്യുക.

**വിശുദ്ധ ഗ്രന്ഥ പാരായണം:** വി. മത്തായി 7:24–28

**വചന വിശദീകരണം:**

(ഇടവക വികാരിയോ സഹവികാരിയോ സിസ്റ്റർ പ്രതിനിധിയോ പാറമേൽ പണിത ഭവനം വിശ്വാസത്തിൽ ആഴപ്പെടുന്നതിനെ സൂചിപ്പിക്കുന്ന ഉപമ - ഉറച്ച വിശ്വാസ ത്തിൽ നന്മയുടെ ഫലങ്ങളും അനുഗ്രഹവും ധാരാളമായി ലഭിക്കുന്നു എന്ന ആശയത്തിലൂന്നി 15 മിനിട്ട് വചനം വിശദീകരിക്കുന്നു)

**സ്വയം പ്രേരിത പ്രാർത്ഥന:**

ഏഴു പേർ ചെറുവാക്യങ്ങളിൽ സ്വയം പ്രേരിത പ്രാർത്ഥന ചൊല്ലുന്നു.

**പഠനം:**

സിനഡ് : പൊതുസ്വഭാവം - ലക്ഷ്യം - 2021-2023 ലെ സിനഡിന്റെ പ്രത്യേകതകൾ, അടയാളചിഹ്ന വിശദീകരണം (സിനഡൽ ലോഗോ), ഇടവക സിനഡിന്റെ ലക്ഷ്യം, പ്രധാന്യം, പ്രക്രിയ തുടങ്ങിയവ പ്രതിപാദിക്കുന്ന 30 മിനിട്ട് ദൈർഘ്യമുള്ള ക്ലാസ്സ് അവതരിപ്പിക്കേണ്ടതാണ്. അവതരിപ്പിക്കേണ്ട വ്യക്തിയെ ഇടവക വികാരി മുൻകൂട്ടി ഏൽപിക്കേണ്ടതാണ്.

**സിനഡൽ ചർച്ച:**

ബി.സി.സി. യൂണിറ്റുകളിൽ നിന്നും ഇടവക സിനഡൽ ടീമിന് (PST) കൈമാറിയ പ്രമേയങ്ങൾ PST ഡ്രാഫ്റ്റ് കമ്മിറ്റി ക്രോഡീകരിച്ച് വിവിധ പ്രമേയങ്ങളാക്കി കോൺടാക്ട് പേഴ്സൺ ഇടവക സിനഡിൽ അവതരിപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കുന്നു. ബിസിസി യൂണിറ്റുകളുടെ പേരുകൾ പരാമർശിക്കാതെ ആശയങ്ങൾക്കും അഭിപ്രായ ങ്ങൾക്കും പ്രാധാന്യം നല്കി വേണം പ്രമേയങ്ങൾ തയ്യാറാക്കി അവതരിപ്പിക്കേണ്ടത്.

**ചർച്ചാ സൂചകങ്ങൾ :**

1. ഇടവകയിലെ മാമ്മോദീസ സ്വീകരിച്ച എല്ലാ അംഗങ്ങളെയും ബിസിസികളിൽ സജീവ പങ്കാളികളാക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ എന്തെല്ലാം?
2. ഇതര സഭാവിഭാഗങ്ങളുമായും മതവിഭാഗങ്ങളുമായും നല്ല സൗഹൃദബന്ധം നിലനിർത്തുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ എന്തെല്ലാം?
3. നമ്മെ ദൈവകൃപയിൽ ആഴപ്പെടുത്തുന്ന കൂദാശകൾ യഥാസമയം സ്വീകരിക്കുന്നുണ്ടോ? ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ദിവസേനയുമുള്ള ദിവ്യബലിയിലും ഇടവകജനം മുഴുവൻ പങ്കെടുക്കുവാൻ എന്തൊക്കെ കാര്യങ്ങൾ ചെയ്യാനാകും?
4. വിശ്വാസജീവിതം കേന്ദ്രീകൃതമാകുന്ന പഠനരീതിയ്ക്ക് പ്രാധാന്യം കൊടത്തുകൊണ്ട് പൊതുവിദ്യാഭ്യാസ പുരോഗതി കൈവരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്തെല്ലാം?
5. ദൈവാലയങ്ങളിൽ കൂട്ടായ്മയും കൂട്ടുത്തരവാദിത്വവും പരിപോഷിപ്പിക്കുവാൻ നമുക്ക് എന്തൊക്കെ ചെയ്യാനാകും?
6. ഇടവകയിലെ വിവിധ ശുശ്രൂഷാ സമിതികളെ (അജപാലനം, വിദ്യാഭ്യാസം, സാമൂഹ്യം, കുടുംബം, യുവജനം, അൽമായം) മെച്ചപ്പെടുത്തി ഒരു പങ്കാളിത്ത സമൂഹത്തെ വളർത്തിയെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്തെല്ലാം?
7. ഇടവക അജപാലന സമിതിയും ഫിനാൻസ് കമ്മിറ്റിയും വർഷത്തിലൊരിക്കൽ ഭവനങ്ങൾ സന്ദർശിച്ച് കുടുംബങ്ങളിലെ ആത്മീയ, സാമ്പത്തിക, വിദ്യാഭ്യാസ, ആരോഗ്യ ജീവിതം എപ്രകാരം മെച്ചപ്പെടുത്താനാവും? നിങ്ങളുടെ നിർദ്ദേശങ്ങൾ എന്തെല്ലാം?

8. കൂട്ടായ്മ പങ്കാളിത്തം പ്രേഷിതത്വം എന്നീ തലങ്ങളിൽ ഇടവക/ദൈവാലയ അംഗങ്ങളുടെ വിശ്വാസ ജീവിതം സജീവമാക്കാൻ നിങ്ങൾ നിർദ്ദേശിക്കുന്ന നവീകരണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

9. സഭയിൽ നിന്നും വിശ്വാസ ജീവിതത്തിൽ നിന്നും അകന്നുപോയ വ്യക്തികളെയും കുടുംബങ്ങളെയും അനുരഞ്ജന പാതയിലെത്തിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിക്കാം?

10. നമ്മുടെ ഇടവക ഉൾപ്പെടുന്ന എല്ലാ സമൂഹത്തെയും പാർശ്വവൽക്കരിക്കപ്പെടുന്നവരെയും ഉൾക്കൊള്ളാനും ഒപ്പം നടക്കാനുമുള്ള മനോഭാവവും പ്രവർത്തനവും എപ്രകാരം വളർത്തിയെടുക്കാനാവും?

**കർത്തൃപ്രാർത്ഥന**

**സമാപന പ്രാർത്ഥന**

**നന്ദി**

**സമാപനാശീർവാദം**

**മാതാവിനോടുള്ള ഗാനം**

**സ്നേഹവിരുന്ന്**